"ഭരണഭാഷ- മാതൃഭാഷ"

35232

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - സൂപ്പർ സ്പെഷ്യാലിറ്റി കേഡർ - താൽകാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1081/2022/H&FWD തീയതി,തിരുവനന്തപുരം, 15-05-2022

പരാമർശം:- 1. സ.ഉ(കൈ) നം.23/2022/ആ.കു.വ തീയതി 24.01.2022

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.03.2022 ലെ ഇ. എ1 - 49292/15/ആ.വ.ഡ നമ്പർ കത്ത്.

ഉത്തരവ്

എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രത്യേക സാഹചര്യവും കാസർഗോഡ് ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്തുകൊണ്ട് കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും ന്യൂറോളജി വിഭാഗത്തിൽ ഓരോ കൺസൾട്ടന്റ് തസ്തിക വീതം, പരാമർശം 1 പ്രകാരം സൃഷ്ടിച്ച് ഉത്തരവായിരുന്നു. ആരോഗ്യ വകുപ്പിലെ വിവിധ സ്പെഷ്യലിറ്റികളിൽ ജൂനിയർ കൺസൾട്ടന്റ്/ കൺസൾട്ടന്റ് ആയിരിക്കെ, സൂപ്പർ സ്പെഷ്യലിറ്റി യോഗ്യത ഉണ്ടെന്ന കാരണത്താൽ, സൂപ്പർ സ്പെഷ്യലിറ്റി കേഡർ തിരഞ്ഞെടുത്ത മെഡിക്കൽ ഓഫീസർമാരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാകുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സ്ഥാനക്രമം അനുസരിച്ച്, പരാമർശം 1 പ്രകാരം സൃഷ്ടിച്ചിട്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകളിലേക്ക്, താഴെ പറയുന്ന മെഡിക്കൽ ഓഫീസർമാർക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനം നൽകേണ്ട സൂപ്പർ സ്പെഷ്യാലിറ്റി തസ്തിക | താൽകാലിക സ്ഥാനം നൽകി നിയമിക്കേണ്ട സ്ഥാപനം |
|---|---|---|---|
| 1 | ഡോ.മീനാകുമാരി.എസ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), ജനറൽ ആശുപത്രി, ഇരിഞ്ഞാലക്കുട, തൃശ്ശൂർ | കൺസൾട്ടന്റ് (ന്യൂറോളജി) | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് |
| 2 | ഡോ.രാജി കൃഷ്ണൻ, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | കൺസൾട്ടന്റ് (ന്യൂറോളജി) | ജനറൽ ആശുപത്രി,കാസർഗോഡ് |

2) സൂപ്പർ സ്പെഷ്യലിറ്റി കേഡർ രൂപീകരിക്കുന്ന നടപടി അന്തിമ ഘട്ടത്തിൽ ആയതിനാൽ, മേൽ നിയമനങ്ങൾ, സൂപ്പർ സ്പെഷ്യലിറ്റി കേഡർ രൂപീകരിക്കുന്ന മുറയ്ക്ക്, വിശേഷാൽ ചട്ടത്തിനു വരുത്തുന്ന ഭേദഗതികളിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും

വിധേയമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, തൃശ്ശൂർ, കോട്ടയം, കാസർഗോഡ്.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

[illegible] നമ്പർ. ഇ.പി.- 49292/15/ആ.കു.വ, തീയതി: 06.06.2022.

പകർപ്പ് അറിവിലേയ്ക്കും ആവശ്യമായ നടപടിക്കുമായി പ്രസിദ്ധീകരിക്കുന്നു.

6/6/22

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

6/6/22.